പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1814</u> <u>17.06.2013 ൽ മറുപടിക്ക്</u>

<u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം തടയുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയാണ് അതിക്രമം ഉണ്ടായിട്ടുള്ളത്; | (എ) 27298 സ്ത്രീകൾക്കും (Crime against women cases), 3191 കുട്ടികൾക്കും (Crime against children cases) നേരെ അതിക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം കൂടിവരുന്ന സാഹചര്യത്തിൽ അവ കർശനമായി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (ബി) ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ജില്ലകളിൽ വനിതാ ഹെൽപ്പ് ലൈൻ, ചൈൽഡ് ഹെൽപ്പ് ലൈൻ എന്നിവയുടെ പ്രവർത്തനങ്ങൾ മുഖേനയും, തിരക്കേറിയ സ്ഥലങ്ങളിലും ബസ്സ് സ്റ്റാൻഡുകളിലും മറ്റും വനിതാ പോലീസുദ്യോഗസ്ഥരെ നിയമിച്ചും, തിരക്കേറിയ സ്ഥലങ്ങളിൽ പട്രോളിങ് നടത്തിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, റസിഡൻസ് അസോസയേഷനുകളുടെ സഹകരണത്തോടെയും ഇത്തരം അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ